ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു; ഓർമ്മയാകുന്നത് സഭയ്ക്കകത്തും പുറത്തും നവീകരണത്തിന് മുൻകൈയെടുത്ത നല്ല ഇടയൻ.

**Pope Francis, the head of the global Catholic Church, has passed away; he is remembered as a great leader who initiated reforms both within and outside the Church.**

2) ഫ്രാൻസിസ് മാർപാപ്പയ്ക്ക് അനുശോചനമർപ്പിച്ച് ലോകം; കാരുണ്യത്തിൻറെ വെളിച്ചമായി മാർപാപ്പയെ എല്ലായ്പോഴും സ്മരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**The world mourns Pope Francis; Prime Minister Narendra Modi stated that he will always be remembered as a beacon of compassion.**

3) സർക്കാരിൻറെ നിലവിലെ നയങ്ങൾ അടുത്ത ആയിരം വർഷത്തെ ഭാവി രൂപപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi mentioned that the government's current policies aim to shape the future for the next thousand years.**

4) വികസിത് ഭാരത് എന്ന ലക്ഷ്യത്തിൽ സ്ത്രീകൾ, ദരിദ്രർ, കർഷകർ എന്നിവരെ സ്വാധീനിക്കുന്ന മേഖലകളിലെ പുരോഗതി ഉൾക്കൊള്ളുന്നുവെന്ന് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ.

**Union Minister Nirmala Sitharaman stated that the goal of a developed India includes progress in sectors affecting women, the poor, and farmers.**

5) കേരള സർക്കാരിൻറെ നാലാം വാർഷിക ആഘോഷങ്ങൾക്ക് തുടക്കമായി; വിവിധ മേഖലകളിൽ രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ.

The Kerala government's fourth annual celebrations have begun; Chief Minister Pinarayi Vijayan noted that Kerala has set an example for the nation in various sectors.

6) ഐപിഎലിൽ ഗുജറാത്തിനെതിരെ കൊൽക്കത്ത ഫീൽഡിംഗ് തെരഞ്ഞെടുത്തു.

In the IPL, Kolkata chose to field against Gujarat.

******************

## HEADLINE -1

## POPE FRANCIS

ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു. 88 വയസായിരുന്നു. പ്രാദേശിക സമയം ഇന്ന് പുലർച്ചെ 7.35 ന് വത്തിക്കാനിലെ വസതിയിലായിരുന്നു അന്ത്യം. ലാറ്റിൻ അമേരിക്കയിൽ നിന്നുമുള്ള ആദ്യ മാർപാപ്പയാണ് അദ്ദേഹം. ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് 2013 മാർച്ച് 13നാണ് ഫ്രാൻസിസ് മാർപാപ്പ കത്തോലിക്കാ സഭയുടെ 266-ാമത് അധ്യക്ഷനായി സ്ഥാനമേറ്റത്. കർദിനാൾ ബെർഗോളിയോ എന്നതാണ് യഥാർഥ പേര്.

അർജൻറീനയിലെ ബ്യൂണസ് ഐറിസിൽ 1936 ഡിസംബർ ഏഴിനാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ ജനനം. 1969 ൽ പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം, 1998 ൽ ആർച്ച് ബിഷപ്പും, 2001ൽ കർദിനാളുമായിരുന്നു. കത്തോലിക്ക സഭയുടെ നവീകരണത്തിന് മുൻകൈയെടുക്കുകയും പാവങ്ങളുടെ ശബ്ദം എന്ന പേരിൽ അറിയപ്പെടുകയും ചെയ്ത അദ്ദേഹം യുദ്ധം, അഭയാർഥി പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ മനുഷ്യ പക്ഷത്ത് അടിയുറച്ചു നിന്ന വ്യക്തിത്വമായിരുന്നു. തൻറെ അവസാന ദിനങ്ങളിലും യുദ്ധം അവസാനിപ്പിക്കാനും ലോകസമാധാനത്തിനും

ആഹ്വാനം ചെയ്തശേഷമാണ് ആ വലിയ ഇടയൻ ലോകത്തോട് വിട പറഞ്ഞത്.

******************

## HEADLINE -2

### francis pope – Condolences

ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ജനങ്ങൾ കാരുണ്യത്തിന്റെയും എളിമയുടെയും ആത്മീയശക്തിയുടെയും വെളിച്ചമായി ഫ്രാൻസിസ് മാർപാപ്പയെ എല്ലായ്പ്പോഴും സ്മരിക്കുമെന്ന് പ്രധാനമന്ത്രി അനുശോചിച്ചു. ഇന്ത്യയിലെ ജനങ്ങളോടുള്ള അദ്ദേഹത്തിൻറെ വാത്സല്യം സ്മരിക്കപ്പെടുമെന്നും മാർപ്പാപ്പയുമായുള്ള കൂടിക്കാഴ്ച സ്നേഹപൂർവം ഓർക്കുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പോപ്പ് ഫ്രാൻസിസ് സഹാനുഭൂതിയുടെയും, നീതിയുടെയും സമാധാനത്തിന്റെയും ശബ്ദമായിരുന്നു എന്ന് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു. പോപ്പ് ഫ്രാൻസിസ് പാവപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും കരുണയും അനുകമ്പയും പുലർത്തിയിരുന്നുവെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. മനുഷ്യ സ്നേഹത്തിൻറെയും ലോക സമാധാനത്തിന്റെയും മഹത്തായ സന്ദേശം പ്രചരിപ്പിക്കുന്നതിനായി വ്യക്തിജീവിതവും വൈദിക ജീവിതവും ഒരുപോലെ സമർപ്പിച്ച മാതൃകാ വ്യക്തിത്വത്തിന് ഉടമയായിരുന്നു ഫ്രാൻസിസ് മാർപാപ്പ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കേന്ദ്രസഹമന്ത്രിമാരായ സുരേഷ്ഗോപി, ജോർജ്ജ് കുര്യൻ, മറ്റ് മന്ത്രിമാർ, നിയമസഭ സ്പീക്കർ, പ്രതിപക്ഷനേതാവ്, കെപിസിസി പ്രസിഡൻറ് , സിപിഐ എം സംസ്ഥാന സെക്രട്ടറി , ബിജെപി സംസ്ഥാന അധ്യക്ഷൻ തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി.

******************

## MAR BASELIOS (INTRO)

സഭയിലും സമൂഹത്തിലും മുഖ്യധാരയിൽപെടാത്ത ആളുകളുടെ ഇടയിൽ കരുതൽ രൂപമായി മാറിയ വ്യക്തിത്വമാണ് ഫ്രാൻസിസ് മാർപാപ്പയെന്ന് മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ പറഞ്ഞു.

(ഹോൾഡ് ഫോ ർ വോയ്സ്)

കാരുണ്യത്തിൻറെ പാപ്പയെന്ന് ഫ്രാൻസിസ് മാർപ്പാപ്പയെ ചരിത്രം രേഖപ്പെടുത്തുമെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരിച്ചു. മാർപാപ്പയുടെ കർമ്മപദ്ധതിയുടെ മുഴുവൻ ഹൃദയ സ്പന്ദനവും സ്നേഹമാണെന്ന് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അനുസ്മരിച്ചു.

******************

## PM – SAUDI VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ സൗദി അറേബ്യയിലെ ജിദ്ദ സന്ദർശിക്കും. ഇന്ത്യ-സൗദി സമഗ്ര നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ സന്ദർശനം നിർണായകമാകുമെന്നാണ് വിലയിരുത്തൽ. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം അതിവേഗം വളർച്ച പ്രാപിക്കുന്നതിനിടെയാണ് ഈ ഉന്നതതല സന്ദർശനം. ജിദ്ദയിലെ ഇന്ത്യൻ ഫാക്ടറി തൊഴിലാളികളുമായും അദ്ദേഹം സംവദിക്കും.

******************

## HEADLINE -4

## SITHARAMAN-US

2047 ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യത്തിൽ സ്ത്രീകൾ, ദരിദ്രർ, യുവാക്കൾ, കർഷകർ എന്നിവരെ സ്വാധീനിക്കുന്ന മേഖലകളിലെ പുരോഗതി ഉൾക്കൊള്ളുന്നുവെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. അമേരിക്കയിലെ ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു ധനമന്ത്രി. ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളിൽ നേതൃസ്ഥാനത്താണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് ചൂണ്ടിക്കാട്ടിയ മന്ത്രി അത് നവീകരണത്തിനും വളർച്ചയ്ക്കും വഴിയൊരുക്കുന്നു

വെന്നും എടുത്തുപറഞ്ഞു. ശ്രീമതി സീതാരാമൻറെ അഞ്ച് ദിവസത്തെ അമേരിക്കൻ സന്ദർശനം പുരോഗമിക്കുകയാണ്.

******************

## FUR. REV. DAY VANCE – INDIA VISIT

നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തിയ യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസിനെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് സ്വീകരിച്ചു. ഇന്ന് ഡൽഹിയിലെ അക്ഷർധാം ക്ഷേത്രം സന്ദർശിച്ച വാൻസ് ജയ്പൂരിലേക്ക് പോയി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി, ജെ ഡി വാൻസ് കൂടിക്കാഴ്ച നടത്തും.മൂന്ന് ദിവസം ജയ്പൂരിൽ സന്ദർശനം നടത്തുന്ന വാൻസ് ആഗ്രയും സന്ദർശിക്കും. യുഎസ് വൈസ് പ്രസിഡൻറിൻറെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

******************

## SC– WEST BENGAL

വഖഫ് (ഭേദഗതി) നിയമത്തിനെതിരെ, മുർഷിദാബാദിൽ പൊട്ടിപ്പുറപ്പെട്ട അക്രമത്തിന്റെ പശ്ചാത്തലത്തിൽ പശ്ചിമ ബംഗാളിൽ അർദ്ധസൈനിക വിഭാഗങ്ങളെ വിന്യസിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ നിർദ്ദേശം നൽകാൻ സുപ്രീം കോടതി വിസമ്മതിച്ചു. എക്സിക്യൂട്ടീവിൻറേയും, ലെജിസ്ലേച്ചറിൻറേയും പ്രവർത്തനങ്ങളിൽ കോടതി ഇടപെടൽ ഇതിനകം തന്നെ അതിരുകടന്നതായി ആരോപിക്കപ്പെടുന്നുണ്ടെന്ന് ജസ്റ്റിസ് ഗവായി അഭിപ്രായപ്പെട്ടു. അക്രമത്തെക്കുറിച്ച് അന്വേഷിക്കാൻ വിരമിച്ച സുപ്രീം കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ മൂന്നംഗ സമിതി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടും സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

******************

## HEADLINE -3

## PM – CIVIL SERVICE (INTRO)

സർക്കാരിൻറെ നിലവിലെ നയങ്ങൾ അടുത്ത ആയിരം വർഷത്തെ ഭാവി രൂപപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 10 വർഷത്തിനിടയിൽ കൈവരിച്ച

പുരോഗതി വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള ശക്തമായ അടിത്തറ സൃഷ്ടിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 17-ാമത് ദേശീയ സിവിൽ സർവീസസ് ദിനത്തിൻറെ ഭാഗമായി ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് ഫോ ർ വോയ്സ്)

ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുന്നുവെന്ന് ഉറപ്പാക്കുന്നതിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

******************

## HEADLINE -5

### Fourth anniversary celebration

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പടെ ഒട്ടേറെ വെല്ലുവിളികൾക്കിടയിലും ജന പിന്തുണയോടെ കേരളത്തെ പുരോഗതിയിലേക്ക് നയിക്കാൻ സർക്കാരിന് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. വിവിധ മേഖലകളിൽ രാജ്യത്തിന് തന്നെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. രണ്ടാം പിണറായി സർക്കാരിൻറെ നാലാം വാർഷിക ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കാസർഗോട്ട് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

******************

### SC- PUJA KHEDKAR

പിരിച്ചുവിട്ട മഹാരാഷ്ട്ര കേഡർ പ്രൊബേഷണറി ഐഎഎസ് ഓഫീസർ പൂജ ഖേദ്കറിനെതിരെ നിർബന്ധിത നടപടി സ്വീകരിക്കരുതെന്ന മുൻ ഉത്തരവ് സുപ്രീം കോടതി മെയ് 21 വരെ നീട്ടി. സിവിൽ സർവീസ് പരീക്ഷയിൽ ഒബിസി, വികലാംഗ ക്വാട്ട ആനുകൂല്യങ്ങൾ തെറ്റായി നേടിയതിനും വ്യാജ ഐഡന്റിറ്റി ഉപയോഗിക്കാൻ ശ്രമിച്ചതിനുമാണ് നടപടി. ജസ്റ്റിസ് ബി.വി. നാഗരത്ന, എസ്.സി. ശർമ്മ എന്നിവരടങ്ങിയ ബെഞ്ച് ഖേദ്കറിനോട് മെയ് 2 ന് ചോദ്യം ചെയ്യലിനായി ഡൽഹി പോലീസിന് മുന്നിൽ ഹാജരാകാൻ നിർദ്ദേശിച്ചു.

******************

**HEADLINE -6**

**IPL**

ഐ.പി.എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

******************

**SPACE-JITENDRA**

ISRO യുടെ SpaDeX ദൗത്യത്തിൻറെ ഭാഗമായ ഉപഗ്രഹങ്ങളുടെ രണ്ടാമത്തെ ഡോക്കിംഗ് വിജയകരമായി പൂർത്തിയായി. കൂടുതൽ പരീക്ഷണങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ നടക്കുമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചു. കഴിഞ്ഞ ഡിസംബറിലാണ് - ISRO, SpaDeX ദൗത്യം വിജയകരമായി വിക്ഷേപിച്ചത്.

******************

**MUMBAI-INDIA-MALDIVES**

മാലദ്വീപ് തീരസംരക്ഷണ കപ്പലായ MNDF ഹുരാവിയുടെ പുനർനിർമ്മാണം മുംബൈയിലെ നേവൽ ഡോക്ക്‌യാർഡിൽ ഇന്ത്യൻ നാവികസേന വിജയകരമായി പൂർത്തിയാക്കി. മേഖലയിലെ എല്ലാവർക്കും സുരക്ഷയ്ക്കും വളർച്ചയ്ക്കും വേണ്ടിയുള്ള പരസ്പരവും സമഗ്രവുമായ പുരോഗതി എന്ന കാഴ്ചപ്പാടിനും 'അയൽപക്കം ആദ്യം' എന്ന നയത്തിനും കീഴിൽ സമുദ്ര സുരക്ഷയ്ക്കുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ പുനർനിർമ്മാണം നടത്തിയത്. കഴിഞ്ഞ നാല് മാസമായി മുംബൈയിലെ നേവൽ ഡോക്ക്‌യാർഡിൽ പുനർനിർമ്മാണം പൂർത്തിയാക്കിയ ശേഷം കപ്പൽ ഇന്ന് മാലദ്വീപിലേക്ക് യാത്ര തിരിച്ചു.

******************

**VIKASITHA KERALAM CONVENTION**

2014 മുതൽ നരേന്ദ്രമോദി സർക്കാർ രാജ്യത്ത് കൊണ്ടുവന്ന മാറ്റം ലോകം മുഴുവൻ ചർച്ച ചെയ്യുകയാണെന്ന് ബിജെപി സംസ്ഥാന

അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ലോകം മുഴുവൻ ഇന്ത്യയ്ക്ക് ബഹുമാനം നൽകുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വികസിത കേരളം കൺവെൻഷനുകളുടെ ഭാഗമായി സംഘടിപ്പിച്ച തൃശൂർ സിറ്റി ജില്ലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

******************

******************

***********

***